**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 25** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പി.എസ്.സിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. രമേഷ് പിഷാരടി

ശ്രീ. സുമേഷ് അച്ചുതൻ

ശ്രീ. രാജൻ. ജെ. പല്ലൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** പി.എസ്.സി.ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും നിയമനങ്ങൾ നടത്തുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

01.08.2022 മുതൽ പി.എസ്.സി യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് ഇ-വേക്കൻസി സോഫ്റ്റ് വെയർ എന്ന ഓൺ-ലൈൻ സംവിധാനത്തിലൂടെയാണ്. ഈ ഓൺ ലൈൻ സംവിധാനത്തിലൂടെ കാലതാമസമുണ്ടാകാതെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. ഇങ്ങനെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്ക് സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട് നിയമന ശിപാർശ നൽകുന്നതിലേക്കായി ഇ-റൊട്ടേഷൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ഉദ്യോഗാർത്ഥികൾക്കുള്ള നിയമന ശിപാർശ കത്ത് കാലതാമസം കൂടാതെ അവരുടെ പ്രൊഫൈൽ മുഖേന ലഭ്യമാക്കുന്നു.

**(ബി)** പി.എസ്.സിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

സാങ്കേതിക വിദ്യയുടെ ഉപയോഗം കൊണ്ടും മാനുഷിക വിഭവശേഷി കാര്യക്ഷമമായി വിനിയോഗിച്ചും പി.എസ്.സി യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾ തുടർച്ചയായി സ്വീകരിച്ചു വരുന്നു.

**(സി)** പി.എസ്.സി.യുടെ പരീക്ഷാനടപടികളിലും നിയമനപ്രക്രിയയിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പി.എസ്.സിയുടെ പരീക്ഷാ നടപടികളിലും നിയമനപ്രക്രിയകളിലും കാലാനുസൃതമായി വരുത്താവുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിയാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തിച്ചു വരുന്നതും നിലവിലുള്ള പരീക്ഷാ സമ്പ്രദായം രൂപപ്പെടുത്തിയിരിക്കുന്നതും.

**സെക്ഷൻ ഓഫീസർ**